പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

07.10.16

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 2387

01-10-2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കാർഷിക കർമ്മസേന

ചോദ്യം

ശ്രീ.പി.ടി.എ റഹീം

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കൃഷിഭവനുകൾക്കു കീഴിൽ കാർഷിക കർമ്മസേന രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ ഇതുപ്രകാരം രൂപീകരിച്ച കർമ്മസേനകൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് രൂപീകരിച്ച 200 കാർഷിക കർമ്മ സേനകളിൽ 100 കാർമ്മസേനകളെ RKVY പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കർമ്മസേനയ്ക്ക് 9 ലക്ഷം രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ഒരു ലക്ഷം രൂപയുടെ യൂണിഫോം വാങ്ങുന്നതിനുമായി ആകെ 10 ലക്ഷം രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 100 കാർഷിക കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 200 കർമ്മസേനകളിലെ അംഗം ഒന്നിന് ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിന് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. കാർമ്മസേനകളുടെ സേവനം എല്ലാ കൃഷിഭവനുകളിലേക്കും വ്യാപിപ്പിക്കുവാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നു. സംസ്ഥാന അടിസ്ഥാനത്തിൽ ഇതിനായി ഒരു നോഡൽ ഓഫീസറുടെ കീഴിൽ ഒരു വിദഗ്ധ സംഘത്തെ നിയോഗിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. |
| ബി) കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് കൃഷിഭവന് കീഴിൽ രൂപീകരിച്ച കാർഷിക കർമ്മസേനയ്ക്ക് വിവിധ തരം യന്ത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഇല്ല. ഫണ്ട് ലഭ്യത അനുസരിച്ച് യന്ത്രോപകരണങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ